# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5835      19.11.2019 -ൽ മറുപടിയ്ക്ക്

### ലോട്ടറി സമ്മാനഘടനയിലെ മാറ്റങ്ങൾ

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന, ഏജന്റുമാർക്കുള്ള കമ്മീഷൻ എന്നിവയിൽ എന്തെല്ലാം മാറ്റങ്ങളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | ഈസർക്കാർ അധികാരത്തിലേറിയശേഷം സമ്മാനങ്ങളുടെ തുകയിലും എണ്ണത്തിലും വർദ്ധനവ് വരുത്തി സമ്മാനഘടന നിരവധി തവണ ആകർഷകമാക്കി പരിഷ്കരിച്ചിട്ടുണ്ട്. ഭാഗ്യക്കുറി ഏജന്റുമാർക്ക് വിവിധ സ്ലാബുകളിലായി ആകെ വിറ്റുവരവിന്റെ 24.5% തുക ഡിസ്കൗണ്ട് ഇനത്തിൽ നൽകുന്നുണ്ട്. |
| (ബി) | പുതുതായി ലോട്ടറി ഏജൻസികൾ തൊഴിൽ രഹിതർക്ക് അനുവദിയ്ക്കുന്നതിനും സമ്മാന ത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (ബി) | ഭാഗ്യക്കുറി ഏജൻസികൾക്ക് നിയമപ്രകാരം അപേക്ഷിക്കുന്ന എല്ലാവർക്കും ഏജൻസി അനുവദിക്കുന്നതാണ്. ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്കായി പുതിയ സോഫ്റ്റ് വെയർ (LOTIS) Roll out ചെയ്യുന്നതിന്റെ ഭാഗമായി പുതിയതായി ഭാഗ്യക്കുറി ഏജൻസികൾ അനുവദിക്കുന്നത് മൂന്ന് മാസത്തേക്ക് താൽക്കാലികമായി നിർത്തി വയ്ക്കേണ്ടി വന്നിട്ടുണ്ട്. ലോട്ടറി നിയമം അനുശാസിക്കുന്ന എല്ലാ രേഖകളോടും കൂടി നറുക്കെടുപ്പ് തീയതി മുതൽ 30 ദിവസത്തിനകം സമ്മാന ടിക്കറ്റ് സമർപ്പിക്കുന്ന പക്ഷം സമ്മാന വിതരണം കാലതാമസം കൂടാതെ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ